(ബി) മേൽ അന്വേഷണത്തിന്മേൽ എന്ത് നിഗമനത്തിലാണ് സർക്കാർ എത്തിച്ചേർന്നിട്ടുള്ളത്;

(സി) ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി ക്രമങ്ങളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി സംബന്ധിച്ച് എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ എന്നിവയിൽ ക്രമക്കേടുകൾ ഉണ്ടെന്നുള്ള ആരോപണത്തെത്തുടർന്ന് നടത്തിയ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അന്വേഷണം പൂർത്തിയായി. കനാലിന്റെ അലൈൻമെന്റ് നിർണ്ണയത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും ടെണ്ടർ നടപടികളിലും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട മേൽ ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കനാലിന്റെ അലൈൻമെന്റിലും മറ്റും ആവശ്യമായ മാറ്റങ്ങൾ വരുത്തി കനാൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ആലുവ മുനിസിപ്പാലിറ്റിയിലെ മരാമത്ത് പണികൾ

73 [530] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഇറിഗേഷൻ ഡിവിഷനിൽ വരുന്ന ആലുവ മുനിസിപ്പാലിറ്റിയിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപം പെരിയാറിൽ കുളിക്കടവ് നിർമ്മാണം, ഏലൂർ പഞ്ചായത്തിൽ പെരിയാറിന്റെ തീരത്ത് കാവുങ്കതെറ്റിയിൽ കടവിന്റെ നിർമ്മാണം എന്നീ വർക്കുകൾ (No.W3/26648/05 29-10-2005) ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ വർക്കുകളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

(ഡി) കാലതാമസം ഒഴിവാക്കി മേൽപ്പറഞ്ഞ വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അടിയന്തിരമായി അനുമതി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 340 ലക്ഷം രൂപ അടങ്കൽ തുക മതിപ്പിൽ ആലുവാ മുനിസിപ്പാലിറ്റിയിൽ ശ്രീകൃഷ്ണ ക്ഷേത്രക്കടവിന്റെ താഴ് ഭാഗത്ത് കുളിക്കടവ് നിർമ്മാണം, പെരിയാറിന്റെ ഇടതുകരയുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികളുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി ജില്ലാ കളക്ടർ മുഖേന റവന്യൂ വകുപ്പിൽ അയച്ചിട്ടുണ്ട്. കാവുങ്കതെറ്റിയിൽ കടവ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റവന്യൂ ഡിപ്പാർട്ട്മെന്റ്. ആർ. എം. എഫിൽ നിന്നും തുക അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

(സി) ഇല്ല.

(ഡി) റവന്യൂ വകുപ്പാണ് ആർ. എം. എഫിലെ പ്രവൃത്തികൾ അംഗീകരിക്കേണ്ടത്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ

74 [531] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ബി) ടി പദ്ധതി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23-ാം കി. മീറ്ററിലെ ചിറക്കത്താഴം ലിഫ്റ്റ് ഇറിഗേഷൻ പണികൾ.

2. കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ടാം ഭാഗം 1,200 മീ. മുതൽ 2570 മീ. വരെ.

3. ഭൂതക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ 0 മുതൽ 3,350 മീറ്റർ വരെയും ഭൂതക്കുളം സബ് മൈനർ 0 മുതൽ 403 മീ. വരെയും.

4. കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ ഒന്നാം ഭാഗം 0 മുതൽ 1,200 മീറ്റർ വരെ

LIBRARY ARCHIVES Kerala Legislative Assembly